# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 5231 26.03.2018-ൽ മറുപടിക്ക്

## പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | പ്രൊഫ: സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സങ്കലിത വിദ്യാഭ്യാസത്തിന്റെ കീഴിൽ പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനായി എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; | എ) സങ്കലിത വിദ്യാഭ്യാസത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് എസ്.എസ്.എ, ആർ.എം.എസ്.എ. മുഖേന നൽകി വരുന്ന സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.<br>ഒന്നു മുതൽ എട്ടുവരെ ക്ലാസുകളിലെ ഭിന്നശേഷിക്കാരായ കുട്ടികളെ കണ്ടെത്തുന്നതിനുള്ള സർവ്വെ , മെഡിക്കൽ ക്യാമ്പ്, സാങ്കേതിക ഉപകരണ സഹായ വിതരണം, എക്സ്കോർട്ട് അലവൻസ്, ട്രാൻസ്പോർട്ട് അലവൻസ്, റിസോഴ്സ് അദ്ധ്യാപകരുടെ സേവനം, തെറാപ്പിസ്റ്റുകളുടെ സേവനം, രക്ഷകർത്തൃ പരിശീലനം, അദ്ധ്യാപക പരിശീലനം , ഓട്ടിസം സെന്ററുകൾ വഴിയുള്ള സേവനം, ഗുരുതരമായി വൈകല്യം ബാധിച്ച് കിടപ്പിലായ കുട്ടികൾക്ക് ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം എന്നിവ എസ്.എസ്.എ.മുഖേന നൽകി വരുന്നു. ഒൻപതാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസുവരെയുള്ള കുട്ടികളെയാണ് ആർ.എം.എസ്.എ.യുടെ ഐ.ഇ.ഡി.എസ്.എസ്. സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്കീമിന്റെ സംസ്ഥാന തല പ്രവർത്തനങ്ങൾ ഡയറക്ടർ, ഉപഡയറക്ടർ, അക്കാദമിക് പ്രോജക്ട് ഓഫീസർ എന്നിവരുടെ നേതൃത്വത്തിലും , ജില്ലാതല പ്രവ്വർത്തനങ്ങൾ ഉപജില്ലാ വിദ്യാഭ്യാസ ഡയറക്ടർ, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ എന്നിവരുടെ |

നേതൃത്വത്തിലും നടത്തി വരുന്നു. . കൂടാതെ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ പരിശീലിപ്പിക്കുന്നതിനായി റിസോഴ്സ് അദ്ധ്യാപകരെയും ആർ.എം.എസ്.എ മുഖേന നിയമിച്ചിട്ടുണ്ട്. ആർ.എംഎസ്.എ മുഖേന റിസോഴ്സ് അദ്ധ്യാപകർക്കും സ്കൂളിലെ അദ്ധ്യാപകർക്കും സങ്കലിത വിദ്യാഭ്യാസത്തിൽ പരിശീലനം നൽകി വരുന്നു

ബി) ഇത്തരത്തിലുള്ള കുട്ടികൾക്ക് സ്ഥിരം പരിശീലനം ആവശ്യമായിരിക്കെ ഇവരെ പരിശീലിപ്പിക്കുന്ന റിസോഴ്സ് അദ്ധ്യപകരുടെ നിയമനവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

ബി) കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് എസ്.എസ്.എ ആർ.എംഎസ്.എ പദ്ധതികൾ പ്രകാരം റിസോഴ്സ് അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ മാത്രമെ നിയമിക്കുവാൻ നിർവാഹമുള്ളു. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ അനുമതിയോടെ 795 റിസോഴ്സ് അദ്ധ്യാപകരെയും സംസ്ഥാന സർക്കാർ 403 റിസോഴ്സ് അദ്ധ്യാപകരെയും എസ്.എസ്.എ. പദ്ധതിയിൻ കീഴിൽ നിയമിച്ചിട്ടുണ്ട്. ആർ.എംഎസ്.എ. പദ്ധതി പ്രകാരം സംസ്ഥാനത്ത് ഒട്ടാകെ 853 റിസോഴ്സ് അദ്ധ്യാപകരെ പൊതുവിദ്യാലയങ്ങളിൽ നിയമിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ